ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി (ഹോംകോ) യുടെ മുഖ്യ ലക്ഷ്യം ഔഷധ നിർമ്മാണവും വിതരണവുമാണ്. 2009-2010 വർഷം 994 ലക്ഷം രൂപയുടെ ഔഷധങ്ങൾ നിർമ്മിച്ച് വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യമായ മരുന്നു മുഴുവനും നിർമ്മിച്ച് വിതരണം ചെയ്യുന്നത് ഹോംകോയാണ്. ഇത് കൂടാതെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും മരുന്ന് കയറ്റി അയയ്ക്കുന്നുണ്ട്. ഔഷധസസ്യകൃഷി രംഗത്തും ഹോമിയോപ്പതി പ്രചാരണ രംഗത്തും വിദ്യാഭ്യാസ രംഗത്തും ഹോംകോ പ്രവർത്തിച്ചു വരുന്നു.

(ബി) ഹോംകോയുടെ പാതിരപ്പള്ളിയിലുള്ള ഔഷധ നിർമ്മാണശാല ഇപ്പോൾ പൂർണ്ണ തോതിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന ഔഷധ ഓർഡറുകൾ എല്ലാം സ്വീകരിക്കുവാനും അതിന് അനുസൃതമായി മരുന്നുകൾ നിർമ്മിച്ച് വിതരണം നടത്തുവാനുള്ള ശേഷി സ്ഥാപനത്തിന് ഇല്ലാത്തതിനാൽ ഹോംകോയുടെ രണ്ടാം ഘട്ട വികസനത്തിനുള്ള 19.68 കോടി രൂപയ്ക്ക് ഒരു പ്രോജക്ട് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 5.28 കോടി രൂപ മുടക്കി പുതിയ ഫാക്ടറി കെട്ടിടത്തിന് സ്ഥലം വാങ്ങിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹോംകോ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ ബഡ്ജറ്റിൽ ഹോംകോയുടെ കീഴിൽ ഒരു ഫാർമസി കോളേജ് സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഹോംകോ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഈ അദ്ധ്യയന വർഷത്തിൽ ഫാർമസി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയില്ല.

ഡെന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച നടപടികൾ

13 (*523) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ശശികുമാർ :
ശ്രീ: മഞ്ഞളാംകുഴി അലി :
ശ്രീ. കെ ടി. ജലീൽ :. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ, പാരാമെഡിക്കൽ രംഗത്ത് ഈ സർക്കാർ ആവിഷ്ക്കരിച്ച വികസന പരിപാടികൾ എന്തെല്ലാമാണ് ;

(ബി) ഡെന്റൽ ചികിത്സയ്ക്കുള്ള സൗകര്യം എന്തുമാത്രം മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡെന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) പുതുതായി ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകൾ കഴിഞ്ഞ വർഷം ആരംഭിച്ചു ; ഇവയ്ക്ക് ഓരോന്നിനും എത്ര സീറ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത് ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് ഡെന്റൽ കോളേജുകളുടെ വികസനത്തിനായി, ഈ സർക്കാർ നിലവിൽ വന്നതിനുശേഷം യഥാക്രമം 325.3 ലക്ഷം രൂപ, 222.21 ലക്ഷം രൂപ അനുവദിച്ചു. തിരുവനന്തപുരം, കോഴിക്കോട് ഡെന്റൽ കോളേജുകളിൽ നിലവിലുള്ള 40 ബി.ഡി.എസ്. സീറ്റ് 50 ആയി ഉയർത്തി. എം.ഡി.എസിന് തിരുവനന്തപുരത്ത് 23-ഉം കോഴിക്കോട് 16 സീറ്റും നിലവിലുണ്ട്. അതിനോട് 4 എണ്ണംകൂടി കൂട്ടാൻ എൻ.ഒ.സി. നൽകി. കോട്ടയം ഡെന്റൽ കോളേജിൽ രണ്ട് ഡിപ്പാർട്ടുമെന്റുകളിൽ ഡെന്റൽ കൗൺസിൽ അംഗീകാരത്തോടെ ആദ്യമായി എം.ഡി.എസ്. തുടങ്ങി. അടുത്ത 2 ഡിപ്പാർട്ടുമെന്റുകളിൽകൂടി എം.ഡി.എസ്.(2 സീറ്റ് വീതം) തുടങ്ങാൻ എൻ.ഒ.സി. നൽകി.

ഡെന്റൽ കോളേജ് അദ്ധ്യാപകരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കുകയും മെഡിക്കൽ അദ്ധ്യാപകർക്കൊപ്പം ശമ്പള വർദ്ധന നൽകുകയും ചെയ്തു. ഡെന്റൽ കോളേജുകളിൽ റസിഡൻസി സമ്പ്രദായം നടപ്പിൽ വരുത്തി.

32 സീനിയർ റസിഡന്റ് തസ്തികകൾ പുതുതായി അനുവദിച്ചു. ഈ പോസ്റ്റുകളിൽ ബിരുദാനന്തര വിദ്യാർത്ഥികളെ ബോണ്ട് പ്രകാരമുള്ള നിർബന്ധിത സേവനം നിർവഹിക്കുന്നതിന് നിയമിച്ചു. ഇതുവഴി ഡെന്റൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ചറർമാരുടെ കുറവ് നികത്തി. കോട്ടയം ഡെന്റൽ കോളേജിൽ പെൺകുട്ടികൾക്കായി പുതിയ ഹോസ്റ്റൽ നിർമ്മിച്ച് താമസയോഗ്യമാക്കി. കോഴിക്കോട് ഡെന്റൽ കോളേജിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചു. തിരുവനന്തപുരം, കോഴിക്കോട് ഡെന്റൽ കോളേജുകളിലെ പഴക്കം ചെന്ന ഡെന്റൽ ചെയറുകളും ഉപയോഗ ശൂന്യമായ യന്ത്രസമാഗ്രികളും മാറ്റി പുതിയ കസേരകളും ഉപകരണങ്ങളും വാങ്ങി.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പാരാമെഡിക്കൽ കൗൺസിൽ തുടങ്ങുന്നതിനുവേണ്ടി ഇതുവരെ 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാരാമെഡിക്കൽ കൗൺസിലിന് ഒരു വെബ്സൈറ്റ് ഉണ്ടാക്കുക വഴി

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നടത്തുന്ന കോഴ്സുകളുടെയും അംഗീകാരമുള്ള സ്ഥാപനങ്ങളുടെയും വിവരം സാധാരണക്കാർക്ക് ലഭ്യമാക്കുകയുണ്ടായി. പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളുടെ അഡ്മിഷൻ നഴ്സിംഗ്, ഫാർമസി വിഭാഗത്തോടൊപ്പം എൻട്രൻസ് പരീക്ഷയുടെ പരിധിയിൽ നിന്നൊഴിവാക്കി. ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിനായി പുതിയ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാനുള്ള നടപടിക്രമങ്ങൾ തുടങ്ങി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.എൽ.റ്റി. ഡിപ്പാർട്ടുമെന്റിനായി പുതിയ കെട്ടിടം പണിതു.

(ബി & സി) ഡെന്റൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഡെന്റൽ കോളേജുകളിൽ റസിഡൻസി സമ്പ്രദായം നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഈവനിംഗ് ക്ലിനിക് വഴി വൈകിട്ട് ആറു മണിവരെ ഡെന്റൽ കോളേജുകളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി. അത്യാഹിത വിഭാഗത്തിൽ 24 മണിക്കൂറും ഡെന്റൽ കാഷ്വാലിറ്റി പ്രവർത്തനം ഉറപ്പാക്കി. എല്ലാ ഡെന്റൽ കോളേജുകളിലും ദന്തചികിത്സക്കാവശ്യമായ ആധുനിക ചെയറുകളും യന്ത്ര സാമഗ്രികളും വാങ്ങുകയുണ്ടായി. ദന്ത ചികിത്സയ്ക്കാവശ്യമായ സാധനങ്ങളും മരുന്നുകളും വാങ്ങുന്നതിലേയ്ക്കായി ബഡ്ജറ്റ്തുക വർദ്ധിപ്പിച്ചതുമൂലം കാലങ്ങളായി ദന്തചികിത്സയ്ക്കു നിലനിന്നിരുന്ന കാലതാമസവും ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത രോഗികളുടെ കാത്തിരിപ്പും വളരെയധികം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ഡെന്റൽ കോളേജിനായി 47,59,840 രൂപയുടെ ഇലക്ട്രിക്കൽ പ്രോഗ്രാമബിൾ ചെയർ 2009-10 നടപ്പ് സാമ്പത്തിക വർഷത്തിൽ വാങ്ങിച്ചു. ബി.ഡി.എസ്. കോഴ്സിന് 40 സീറ്റ് 50 സീറ്റായി വർദ്ധിപ്പിച്ചിട്ടുണ്ട്. പാരാമെഡിക്കൽ വിഭാഗത്തിൽ പ്രോസ്തോഡോണ്ടിക്സ് ലാബ് നവീകരിച്ചിട്ടുണ്ട്. ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് കമ്മ്യൂണിറ്റി ഡെന്റിസ്ട്രി പഠനത്തിന്റെ ആവശ്യത്തിലേയ്ക്കായി കോളേജിന് പുതിയ മിനി ബസ് വാങ്ങിയിട്ടുണ്ട്. ചികിത്സാ സൗകര്യം ഫലപ്രദമാക്കുവാൻ വേണ്ടി കോളേജിൽ റസിഡൻസി സമ്പ്രദായം നടപ്പിലാക്കുകയും സായാഹ്ന ക്ലിനിക്കുകൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുവാൻ വേണ്ടി ബഡ്ജറ്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തനരഹിതമായ ലിഫ്റ്റ് മാറ്റുകയും പുതിയ ലിഫ്റ്റ് സ്ഥാപിക്കുകയും ചെയ്തു. ഇതിലേയ്ക്കായി 16,50,000 രൂപ ചെലവാകുകയും ചെയ്തു. കോളേജിൽ സർജിക്കൽ ബ്ലോക്കും, ലേഡീസ് ഹോസ്റ്റലും നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. നിലവിലുള്ള മിനി ഓപ്പറേഷൻ തീയേറ്റർ എയർ കണ്ടീഷൻ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ഇ) കഴിഞ്ഞ വർഷം പുതുതായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.എസ്.സി., എം.എൽ.റ്റി. കോഴ്സ് ആരംഭിച്ചു. മൂന്ന് വിഭാഗങ്ങളിലായി 12 സീറ്റുകളാണ് അനുവദിച്ചത്. യഥാക്രമം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ബി.എസ്.സി. ഓപ്ടോമെട്രി കോഴ്സ് (20 സീറ്റ് വീതം) ഈ വർഷം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly